

# യു.എൻ രക്ഷാസമിതിയെ കൊണ്ട് എന്തു പ്രയോജനം?

കവർസ്റ്റോറി ● **മുനീർ ശഫീഖ്**

മുനീർ ശഫീഖ്



**ഇറാനു** മേൽ വീണ്ടും ഉപരോധമേർപ്പെടുത്തിക്കൊണ്ടുള്ള യു.എൻ രക്ഷാസമിതിയുടെ 1929–ാമത് പ്രമേയം, രക്ഷാസമിതിയെക്കുറിച്ചും അതിൽ സ്ഥിരാംഗങ്ങളായി തുടരുന്ന അഞ്ചു രാഷ്ട്രങ്ങളെക്കുറിച്ചും പുതിയ ചർച്ചക്ക് വഴി തുറന്നിരിക്കുന്നു. ഒന്നാമത്തെ ചർച്ച ഇങ്ങനെ ഒരു രക്ഷാസമിതിയുടെ സാംഗത്യത്തെക്കുറിച്ചാണ്. ആഗോളതലത്തിലും രാഷ്ട്രാന്തരീയ ബന്ധങ്ങളിലും രക്ഷാസമിതി പ്രമേയങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചാണ് രണ്ടാമത്തെ ചർച്ച.

ഒന്നാമത്തെ ചർച്ചയിലൂടെ നാമെത്തിച്ചേരുന്ന നിഗമനം, ഇത് തീർത്തും അനീതിയിൽ കെട്ടിപൊക്കിയ ഒരു സംവിധാനമാണ് എന്നതാണ്. അഞ്ചു രാഷ്ട്രങ്ങൾക്ക് ബാക്കി ലോക രാഷ്ട്രങ്ങളുടെ ഭാഗധേയം നിർണയിക്കാനുള്ള അവകാശം തീറെഴുതി നൽകിയിരിക്കുകയാണ്. ബാക്കിയുള്ളവരെല്ലാം ഇവർ പറയുന്നത് കേട്ട് നടന്നോള

ണം. ഈ പഞ്ചരാഷ്ട്രങ്ങളുടെ ചൊൽപടിക്ക് നിൽക്കാതെ, സ്വന്തം ജനതയുടെ അഭീഷ്ടത്തിനനുസരിച്ച് നീങ്ങുന്ന ഏത് സ്വതന്ത്ര രാഷ്ട്രത്തെയും ഇവന്മാർ ഉപരോധിക്കും, ശ്വാസം മുട്ടിക്കും. രക്ഷാസമിതിയിലെ അംഗങ്ങൾ ഇവരാണ്: അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, സോവിയറ്റ് യൂനിയൻ (ആ സ്ഥാനം ഇപ്പോൾ റഷ്യക്കാണ്), ചൈന (ആദ്യം കിയാങ് കെയ്ഷകിന്റെ ചൈന, പിന്നെ ജനകീയ ചൈന, അതിനു ശേഷം ഇപ്പോഴുള്ള ചൈന).

മറ്റൊരു വാക്കിൽ പറഞ്ഞാൽ, രണ്ടാം ലോക യുദ്ധാനന്തരം രൂപപ്പെട്ട ശാക്തിക ചേരികളുടെ അടിസ്ഥാനത്തിലാണ് രക്ഷാസമിതി അംഗങ്ങളെ നിർണയിച്ചിട്ടുള്ളത്. അത് കഴിഞ്ഞിട്ടിപ്പോൾ 55 വർഷമെങ്കിലുമായി. ഈ പഞ്ച രാഷ്ട്രങ്ങളിൽ ഏതൊരു രാഷ്ട്രത്തിനും ലോക രാഷ്ട്രങ്ങൾ കൊണ്ടുവരുന്ന ഏതു പ്രമേയത്തെയും തള്ളാനുള്ള 'വീറ്റോ' അധികാരമുണ്ട്. രക്ഷാസമിതിയിലെ മറ്റെല്ലാ സ്ഥിരാംഗങ്ങളും താൽക്കാലികാംഗങ്ങളും പ്രമേയത്തെ അനുകൂലിച്ചാലും പ്രയോജനമില്ല. ഒരൊറ്റ രാഷ്ട്രത്തിന്റെ വീറ്റോ ഏതു ന്യായമായ പ്രമേയത്തിന്റെയും കഥ കഴിക്കും. രക്ഷാസമിതി പ്രമേയം പാസ്സാവാൻ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായാൽ മതി. പക്ഷേ, ഒരു രാഷ്ട്രം വീറ്റോ ചെയ്താൽ പിന്നെ ആ ഭൂരിപക്ഷം കൊണ്ട് കാര്യമില്ല.

അതിനാൽ ആഗോളതലത്തിലെ പൊതുവികാരം പ്രതിഫലിക്കുന്ന ഒരു വേദിയേ അല്ല യു. എൻ രക്ഷാസമിതി. രണ്ടാം ലോക യുദ്ധാനന്തരമുള്ള ഒരു പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലാണ് അത് നിലവിൽ വന്നത്. ആ സമയത്ത് ഒട്ടുമിക്ക രാഷ്ട്രങ്ങളും ഒന്നുകിൽ കൊളോണിയൽ ഭരണത്തിന്റെ കീഴിലായിരുന്നു; അല്ലെങ്കിൽ ഐക്യ രാഷ്ട്ര സഭയിൽ അംഗത്വമെടുത്തിരുന്നില്ല. ഇതുകൂടി കണക്കിലെടുക്കുമ്പോഴാണ് ഈ സമിതിയുടെ നിർമിതിയിൽ അടങ്ങിയിരിക്കുന്ന കടുത്ത അനീതി വ്യക്തമാവുക. ചേരിചേരാ പ്രസ്ഥാനം മുതൽ ഇന്നുവരെ ഈ അനീതിക്കെതിരെ ഭൂരിപക്ഷ രാഷ്ട്രങ്ങളും ശബ്ദമുയർത്തിവരുന്നുണ്ട്. ഈ സഭയെ നിലനിർത്തുന്നതിന് യാതൊരു ന്യായമോ നീതിയോ ഇല്ലാത്തതിനാൽ, അത് പാസ്സാക്കിയെടുക്കുന്ന പ്രമേയങ്ങൾ ആഗോളതലത്തിൽ രൂപപ്പെടുന്ന പൊതുവികാരങ്ങൾക്കും അഭിപ്രായങ്ങൾക്കും മേലുള്ള കടന്നുകയറ്റമായി പരിണമിക്കുന്നു. ലോക രാഷ്ട്രങ്ങളെ പ്രതിനിധീകരിക്കുന്ന യു.എൻ പൊതുസഭക്കാണ് യഥാർഥത്തിൽ ഈ അധികാരങ്ങളൊക്കെയും ഉണ്ടാകേണ്ടിയിരുന്നത്.

ഇനി പ്രായോഗിക രംഗത്ത് എന്താണ് സംഭവിക്കുന്നത് എന്നു നോക്കാം. ഈ അഞ്ച് രാഷ്ട്രങ്ങളിൽ ഏതെങ്കിലുമൊന്നിന് എതിർപ്പില്ലാത്ത ഒരു പ്രമേയം രക്ഷാസമിതിയിൽ വരിക എന്നതു തന്നെ അസംഭവ്യമാണ്. ഇങ്ങനെയാണ് ഭൂരിപക്ഷ രാഷ്ട്രങ്ങളുടെയും അഭിപ്രായങ്ങൾക്ക് ഒരു വിലയുമില്ലാതായിത്തീരുന്നത്. മുമ്പൊക്കെ ഈ ഭീഷണി രാഷ്ട്രീയ പ്രശ്നങ്ങളിൽ ഒതുങ്ങിനിന്നിരുന്നുവെങ്കിൽ ഇന്നത് മനുഷ്യന്റെ നിലനിൽപിനെ തന്നെ ബാധിക്കുന്ന നിലയിലെത്തിയിരിക്കുന്നു. പരിസ്ഥിതി പ്രശ്നം ഉദാഹരണം. ആവാസ വ്യവസ്ഥയെ തന്നെ തകിടം മറിക്കുംവിധം പരിസ്ഥിതി നശീകരണവും മലിനീകരണവും ഇന്ന് നിർബാധം നടന്നുകൊണ്ടിരിക്കുന്നത് ലക്കും ലഗാനുമില്ലാത്ത ഉപഭോഗത്വരയുടെ ഫലമായിട്ടാണെന്ന് അറിയാത്തവരുണ്ടാവില്ല. ഈ ഉപഭോഗ സംസ്കാരത്തിന്റെ ഉപജ്ഞാതാക്കളാണ് രക്ഷാസമിതിയിൽ കയറിയിരിക്കുന്നത്. പിന്നെ എങ്ങനെ പരിസ്ഥിതി രക്ഷപ്പെടും?

ഇക്കാരണങ്ങളാൽ രക്ഷാസമിതി പാസ്സാക്കിയ ഒരു പ്രമേയത്തിൽ പോലും നീതിയും ന്യായവും കണ്ടെത്താൻ നാം വളരെ പ്രയാസപ്പെടും. അഞ്ച് രാഷ്ട്രങ്ങളിൽ ഓരോന്നിനും വീറ്റോ അധികാരമുള്ളതിനാൽ ഈ ഓരോ രാഷ്ട്രത്തെയും പ്രീണിപ്പിച്ചുകൊണ്ടേ പ്രമേയം പടച്ചുണ്ടാക്കാനാവൂ. ഇനി ആരും വീറ്റോ ചെയ്യുന്നില്ലെങ്കിൽ തന്നെ രക്ഷാസമിതിയിൽ പ്രമേയത്തിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണം. അതിന് രക്ഷാസമിതിയിലെ താൽക്കാലിക അംഗങ്ങളെ പലതരം സമ്മർദങ്ങളിലൂടെയും ഭീഷണികളിലൂടെയും അനുനയിപ്പിക്കേണ്ടതായും വരും.

യു.എൻ രക്ഷാകൗൺസിൽ പാസ്സാക്കുന്ന ഓരോ പ്രമേയവും സംശയിക്കപ്പെടുന്നത് അതുകൊണ്ടാണ്. നീതിപൂർവമല്ല അവിടെ കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നത്. ഒരുപറ്റം രാഷ്ട്രങ്ങളുടെ പിടിയിലമർന്ന് ലോകം ശ്വാസം മുട്ടുന്ന കാഴ്ചയാണ് കാണുന്നത്. യുദ്ധങ്ങൾക്കും കടുത്ത അരാജകത്വത്തിനും കാരണമായിത്തീരുന്നത് നീതിപുലരാത്ത ഈ സംവിധാനമാണ്. അതിനാൽ ഈ രൂപത്തിൽ ഇതിന് നിലനിൽക്കാൻ അർഹതയില്ല. എല്ലാ രാഷ്ട്രങ്ങൾക്കും പ്രാതിനിധ്യമുള്ള പൊതുസഭയിലേക്ക് ഇത്തരം സവിശേഷാധികാരങ്ങൾ മാറ്റപ്പെടാതെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയില്ല.

ശീതയുദ്ധത്തിന് ശേഷമുള്ള രക്ഷാസമിതിയുടെ തീരുമാനങ്ങൾ പരിശോധിച്ചു നോക്കുക. പരിസ്ഥിതി പോലുള്ള മനുഷ്യജീവിതത്തെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളിൽ തീർത്തും പ്രതി ലോമപരമായ സമീപനങ്ങളാണ് അത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നു കാണാം. ഇത്തരം അടി സ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനേ അത് അനുവദിക്കുന്നില്ല. മനുഷ്യ ജീവിതത്തെ ഹാനികര മായി ബാധിക്കുന്ന സകല പ്രശ്നങ്ങളിൽ നിന്നുംഅത് ബഹുദൂരം അകലെയാണ്. അധാർമികവും വഴിവിട്ടതുമായ സമ്മർദങ്ങളിലൂടെയും വിലപേശലുകളിലൂടെയും തൽപരകക്ഷികൾ അവർക്കനു കൂലമായി തീരുമാനങ്ങൾ ചുട്ടെടുക്കുക മാത്രമാണ് രക്ഷാസമിതിയിലൂടെ ചെയ്യുന്നത്.

ലോകസമാധാനത്തിന് കടുത്ത വെല്ലുവിളിയുയർത്തി മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് നിരവധി നീക്കങ്ങൾ നടത്തിയപ്പോൾ, അത് തടയാൻ രക്ഷാസമിതിക്ക് ഒന്നും ചെയ്യാൻ കഴി ഞ്ഞില്ല. രക്ഷാസമിതിയിലെ ബഹുഭൂരിപക്ഷവും ബുഷിന്റെ ഭ്രാന്തൻ നീക്കങ്ങൾക്ക് എതിരായിരു ന്നിട്ടുകൂടി. ഒന്ന് അപലപിക്കാൻ പോലും ആവാതെ വിറങ്ങലിച്ച് നിൽക്കുകയായിരുന്നു രക്ഷാസമി തി. ഇങ്ങനെയൊരു ഐക്യരാഷ്ട്രസഭ തന്നെ എന്തിന് എന്ന് അമേരിക്ക അക്കാലങ്ങളിൽ സംശയി ച്ചിരുന്നുവെന്നതാണ് രസകരം.

രക്ഷാസമിതി നാളിതുവരെ പുലർത്തിപ്പോന്ന സകല പ്രതിലോമ നടപടികളും ഉൾച്ചേർന്ന താണ്, അത് ഏറ്റവുമൊടുവിൽ ഇറാനെതിരെ കൊണ്ടുവന്ന ഉപരോധപ്രമേയവും. അന്താരാഷ്ട്ര ആണവോർജ ഏജൻസി, ഓരോ രാഷ്ട്രത്തിനും ആണവോർജം വികസിപ്പിക്കാനുള്ള അവകാശം നൽകുന്നുണ്ട്. അത് നിഷേധിച്ചുകൊണ്ടാണ് ഇറാനെതിരെ പുതിയ ശിക്ഷകൾ പ്രഖ്യാപിച്ചിരിക്കു ന്നത്. ഒന്നാമതായി മനസ്സിലാക്കേണ്ട കാര്യം, ഈ പ്രമേയത്തിന് പിന്നിൽ കളിച്ചത് സാമ്രാജ്യത്വ–സ യണിസ്റ്റ് ശക്തികളാണ് എന്നതാണ്. ഫലസ്ത്വീൻ പ്രശ്നത്തിലും നാം ഈ കളി കണ്ടുകൊണ്ടിരി ക്കുന്നു. ഇറാഖിലും അഫ്ഗാനിസ്താനിലും പാകിസ്താനിലും അമേരിക്ക ചെയ്തുകൂട്ടുന്ന ക്രൂര കൃത്യങ്ങൾക്കും ഇസ്രയേൽ ലബനാനിലും ഫലസ്ത്വീനിലും നടത്തിയ നരഹത്യകൾക്കും മറ പിടി ക്കുന്നതും ഇതേ രക്ഷാസമിതി തന്നെ. ഏറ്റവുമൊടുവിൽ, ഗസ്സക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധം ഒഴിവാക്കാൻ സഹായ സാമഗ്രികളുമായി പോയ കപ്പൽവ്യൂഹത്തെ ഇസ്രയേൽ ആക്രമിച്ചപ്പോഴും രക്ഷാസമിതുയെട യഥാർഥ മുഖം വെളിപ്പെട്ടു.

ഇറാനെതിരെ വീണ്ടും ഉപരോധമേർപ്പെടുത്താൻ ആദ്യം അതിന്റെ ആവശ്യകത റഷ്യയെയും ചൈനയെയും 'ബോധ്യ'പ്പെടുത്തണം. പിന്നെ സ്ഥിരാംഗമല്ലാത്തവരെ കൂടെ നിർത്തണം. ഇതൊ ക്കെ സാധിക്കാൻ അമേരിക്ക എന്തെല്ലാം വിട്ടുവീഴ്ചകൾക്ക് വഴങ്ങിയിരിക്കണം! ബാറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായ ഉടനെത്തന്നെ ഇറാനെതിരെ ഉപരോധപ്രമേയം കൊണ്ടുവരാൻ ശ്രമം നടത്തി വരികയായിരുന്നു. 2009 അവസാനത്തോടെ ഇത് സാധിക്കണം എന്നാണ് നിശ്ചയിച്ചിരുന്ന ത്. പക്ഷേ, ഏതാനും നാളുകൾക്ക് മുമ്പ് മാത്രമാണ് ആ ശ്രമം വിജയിച്ചത്. അതായത് ഇക്കാലമ ത്രയും റഷ്യയുമായും ചൈനയുമായും വളരെ സങ്കീർണവും നിഗൂഢവുമായ ചില ധാരണകളിലെ ത്താൻ വിലപേശൽ നടത്തിവരികയായിരുന്നു അമേരിക്ക. ഈ രണ്ട് രാഷ്ട്രങ്ങളെയും പ്രമേയത്തിന് അനുകൂലമാക്കിയെടുക്കാൻ അമേരിക്ക എന്തൊക്കെ വിട്ടുവീഴ്ചകൾ ചെയ്തിരിക്കും?

ചൈന –റഷ്യ ബന്ധങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്താൻ അമേരിക്ക നിർബന്ധിതമായി ട്ടുണ്ടാവും. ജോർജിയൻ പ്രശ്നത്തിൽ റഷ്യയോട് മൃദുസമീപനമാവും ഇനി സ്വീകരിക്കുക. ഉക്രൈ നിയൻ സമുദ്രപരിധിയിൽ റഷ്യൻ സൈനികത്താവളത്തിന് അനുമതി നൽകുന്ന സെവാസ്തപ്പോൾ കരാർ നടപ്പിലായേക്കും. ചൈനയുടെ കാര്യത്തിലാണെങ്കിൽ, തായ്‌വാൻ പ്രശ്നത്തിലും ദക്ഷിണ കൊറിയ പ്രശ്നത്തിലും ഇനി അമേരിക്ക വല്ലാതെ കടുംപിടുത്തം പിടിക്കില്ല. രക്ഷാസമിതിയിലെ ചെറുതും വലുതുമായ രാഷ്ട്രങ്ങളുമായൊക്കെ ഇത്തരം അവിശുദ്ധ ധാരണകൾ രൂപപ്പെട്ടിട്ടുണ്ടാ വുമെന്ന് നാം കരുതണം. മൂന്ന് രാഷ്ട്രങ്ങൾ മാത്രമാണല്ലോ അതിലൊന്നും പെടാതിരിക്കുന്നത്. രക്ഷാസമിതിയിലെ താൽക്കാലികാംഗങ്ങളായ തുർക്കിയും ബ്രസീലും പ്രമേയത്തെ എതിർത്തു. ലബനാൻ വിട്ടുനിന്നു.

ഇതൊക്കെയാണ് രക്ഷാസമിതി പ്രമേയങ്ങളുടെ പിന്നാമ്പുറ കഥകൾ. ഈ സമിതിക്ക് ധാർമി കമായി നിലനിൽക്കാൻ അവകാശമില്ല എന്ന് നാം പറയുന്നത് അതുകൊണ്ടാണ്. പൊതുസമൂഹ ത്തിന്റെ ആഗ്രഹാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്ന മൊത്തം ലോക രാഷ്ട്രങ്ങളുടെയും കൂട്ടായ്മ അതിന് പകരം വരട്ടെ. ■